സംയുക്ത പത്രക്കുറിപ്പ്: ഇന്ത്യ- കാനഡ NSA തല സുരക്ഷാ സംഭാഷണം (ഒക്ടോബർ 06, 2026)

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ അജിത് ഡോവലിന്റെ ക്ഷണപ്രകാരം, കാനഡ പ്രധാനമന്ത്രിയുടെ മുതിർന്ന നയതന്ത്ര, അന്താരാഷ്ട്ര കാര്യ ഉപദേഷ്ടാവ് ശ്രീ. ഡേവിഡ് മോറിസൺ 2026 ഒക്ടോബർ 05-07 തീയതികളിൽ ഇന്ത്യ സന്ദർശിച്ചു.

2. NSA തലത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഉഭയകക്ഷി സുരക്ഷാ സംഭാഷണത്തിന്റെ ഭാഗമായി ന്യൂഡൽഹിയിൽ യോഗം നടന്നു. ഈ മാത്യകയിലുള്ള മുൻ ചർച്ചകൾ 2025 സെപ്റ്റംബറിൽ ന്യൂഡൽഹിയിലും 2026 ഫെബ്രുവരിയിൽ ഒട്ടാവയിലും നടന്നു.

3. 2026 മാർച്ചിൽ ന്യൂഡൽഹിയിൽ നടന്ന കൂടിക്കാഴ്ചകളിലും, 2026 ജൂണിൽ എവിയാനിൽ നടന്ന G7 ഉച്ചകോടിക്കിടയിലും തങ്ങളുടെ പ്രധാനമന്ത്രിമാർ നൽകിയ മാർഗനിർദേശങ്ങൾ ഇരുപക്ഷവും അംഗീകരിച്ചു.

4. പരസ്പര വിശ്വാസം, പരസ്പര ആശങ്കകളോടും സംവേദനക്ഷമതകളോടുമുള്ള ആദരവ്, ഉഭയകക്ഷി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പങ്കിട്ട പ്രതിബദ്ധത എന്നിവയാൽ നയിക്കപ്പെട്ട്, കഴിഞ്ഞ ഒരു വർഷമായി തുടരുന്ന ക്രിയാത്മകമായ ഉഭയകക്ഷി സഹകരണത്തെ അവർ സംതൃപ്തിയോടെ രേഖപ്പെടുത്തി. സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിനായുള്ള (CEPA) ചർച്ചകൾ മുന്നോട്ട് കൊണ്ടുപോകാനുള്ള ശ്രമങ്ങളെ അവർ സ്വാഗതം ചെയ്തു. നേതൃത്വത്തിന്റെ കാഴ്ചപ്പാടിന് അനുസൃതമായി പ്രധാനപ്പെട്ട ഉഭയകക്ഷി പ്രതിരോധ ബന്ധം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള വർദ്ധിച്ചുവരുന്ന സാധ്യതകളും അവർ ചർച്ച ചെയ്തു.

5. കൂടിക്കാഴ്ചയിൽ, 2026 ഫെബ്രുവരിയിൽ അംഗീകരിച്ച സംയുക്ത സുരക്ഷാ കർമ്മപദ്ധതിയുടെ നടപ്പാക്കൽ ഉൾപ്പെടെ, ഉഭയകക്ഷി സുരക്ഷാ-നിയമപാലന സഹകരണ രംഗത്തെ പുരോഗതി ഇരുപക്ഷവും അവലോകനം ചെയ്തു.

6. അതിർത്തി കടന്നുള്ള സംഘടിത കുറ്റകൃത്യങ്ങൾ, ഭീകരവാദം, അക്രമാസക്തമായ തീവ്രവാദം, മനുഷ്യക്കടത്ത്, മയക്കുമരുന്ന് കടത്ത്, സൈബർ കുറ്റകൃത്യങ്ങൾ, ഭീഷണിപ്പെടുത്തി പണം തട്ടൽ, കുറ്റവാളികളെ കൈമാറൽ എന്നിവയെ നേരിടുന്നതിൽ ഏകോപനവും സഹകരണവും ശക്തിപ്പെടുത്താൻ അവർ തീരുമാനിച്ചു. സൈബർ സുരക്ഷ, സാമ്പത്തിക സുരക്ഷ എന്നിവയിൽ ചിട്ടയായ ചർച്ചകൾ ആരംഭിക്കുന്നത് പരിഗണിക്കുന്നത് ഉൾപ്പെടെ, പ്രായോഗിക സഹകരണത്തിനുള്ള കൂടുതൽ മേഖലകൾ കണ്ടെത്തുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധതയും അവർ ആവർത്തിച്ചുറപ്പിച്ചു.

7. പരസ്പര താൽപ്പര്യമുള്ള വിഷയങ്ങളിൽ കാര്യക്ഷമമായ ആശയവിനിമയവും സമയബന്ധിതമായ വിവര കൈമാറ്റവും സാധ്യമാക്കുന്നതിനായി, നിലവിലുള്ള സ്ഥാപനപരമായ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും ഉചിതമായ രീതിയിൽ പുതിയ മാർഗ്ഗങ്ങൾ ഏർപ്പെടുത്താനും ഇരുപക്ഷവും സമ്മതിച്ചു.

8. പ്രാദേശിക, ആഗോള സംഭവവികാസങ്ങളെക്കുറിച്ചും ഇരുപക്ഷവും അഭിപ്രായങ്ങൾ കൈമാറി.

ന്യൂഡൽഹി

ഒക്ടോബർ 07, 2026